English version is also available below

# മൂന്നാംവഴി

സമ്പൂർണ്ണ സഹകരണ മാസിക

Vol. No.2, Issue.8 • june-2019 • ₹ 50




## ആരോഗ്യ സുരക്ഷ

## സഹകരണ ജീവനക്കാർ എങ്ങനെ പുറത്തായി ?




## അക്ഷരലോകത്തെ വിസ്മയം

SPCS

മിൽമ ഉൽപ്പന്നങ്ങൾ വീട്ടിലെത്തും

*മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിലെ സഹകരണ സംഘങ്ങൾ വൈവിധ്യവൽക്കരണത്തിലാണ് ശ്രദ്ധയൂന്നുന്നത്. ആസ്പത്രികൾ, ലാബറട്ടറികൾ, ഹോട്ടൽ, ഭവന നിർമാണം, റോഡു നിർമാണം, തിയറ്റർ കോംപ്ലക്സുകൾ , സ്കൂളുകൾ, കോളേജുകൾ, മെഡിക്കൽ സ്റ്റോറുകൾ തുടങ്ങിയ മേഖലകളിൽ കേരളത്തിൽ സഹകരണ മേഖലയുടെ സജീവ സാന്നിധ്യമുണ്ട് . കേരളത്തിന്റെ ഈ മാതൃക മറ്റ് സംസ്ഥാനങ്ങളും പിന്തുടരണമെന്നു അഭിപ്രായമുണ്ടോ?*

തീർച്ചയായും. ഇന്ത്യയ്ക്കകത്തുമാത്രമല്ല ലോകത്തിനു തന്നെ മാതൃകയാവുന്ന രീതിയിലാണ് കേരളത്തിലെ സഹകരണ മേഖലയുടെ വളർച്ച. സഹകരണ രംഗത്തെ പല പദ്ധതികളുടേയും തുടക്കം കേരളത്തിൽ നിന്നാണ്. സ്വകാര്യ മേഖലയെ അനുകരിക്കാതെ പുതിയ ആശയങ്ങൾ കണ്ടെത്താനും പ്രാവർത്തികമാക്കാനും കേരളത്തിലെ സഹകരണമേഖലയ്ക്ക് കഴിയുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിലെ സഹകരണ സ്ഥാപനങ്ങൾ തീർച്ചയായും കേരളത്തിലെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനരീതി മനസ്സിലാക്കേണ്ടതാണ്.

*ഇക്കൊല്ലം ഒക്ടോബറിൽ ന്യൂഡൽഹിയിൽ എൻ.സി.ഡി.സി. ഇന്ത്യ ഇന്റർനാഷണൽ കോ- ഓപ്പറേറ്റീവ് ട്രേഡ് ഫെയർ നടത്തുകയാണല്ലോ. എന്താണ് അതിന്റെ ലക്ഷ്യം?*

ഇന്ത്യയുടെ കാർഷിക നയം പ്രഖ്യാപിച്ച ശേഷം എൻ.സി.ഡി.സി. ആദ്യമായി ഇത്തരമൊരു അന്താരാഷ്ട്ര സഹകരണ വാണിജ്യ മേള നടത്തുകയാണ്. സഹകരണ മേഖലയിലെ വ്യാപാരം പ്രോൽസാഹിപ്പിക്കുകയാണ് മുഖ്യലക്ഷ്യം. പ്രാദേശിക സഹകാരികൾക്കും ഉൽപ്പന്നങ്ങൾ വാങ്ങാൻ വിദേശങ്ങളിൽ നിന്നെത്തുന്ന പ്രതിനിധികൾക്കും കൂടിക്കാഴ്ച്ച നടത്തുന്നതിനും അവസരമുണ്ടാകും. വിപണനം, ഉൽപ്പന്ന പ്രദർശനം, സഹകരണ മേഖലയിലെ വിദഗ്ധർ പങ്കെടുക്കുന്ന സമ്മേളനങ്ങൾ എന്നിവയൊക്കെ അന്താരാഷ്ട്ര വാണിജ്യ മേളയുടെ ഭാഗമായി നടക്കും. ഇത് കേവലം പേരിനു മാത്രമുള്ള സഹകരണ വാണിജ്യ മേളയായിരിക്കില്ല. സഹകാരികൾക്ക് അവരുടെ ആശയങ്ങൾ അവതരിപ്പിക്കാനുള്ള വേദി കൂടിയാകും. ലോകമെമ്പാടുമുള്ള വിവിധ വ്യാപാര മേഖലകളിൽ നിന്നും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും പങ്കാളിത്തം പ്രതീക്ഷിക്കുന്നുണ്ട്. കേരളത്തിൽ നിന്ന് നല്ല പങ്കാളിത്തമുണ്ടാകുമെന്ന് വിശ്വസിക്കുന്നു. കേരളത്തിലെ വിവിധ സഹകരണ സംഘങ്ങളോട് സഹകരണ വ്യാപാര മേളയുടെ ഭാഗമാകാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. സഹകരണ രംഗത്തെ ശ്രദ്ധേയ കേന്ദ്രമാണ് കേരളം. സഹകരണ മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ കേരളം കാഴ്ച്ച വച്ചിട്ടുണ്ട്. ഒരുപാട് നൂതനാശയങ്ങളും കേരളത്തിൽ നിന്ന് ഉണ്ടായിട്ടുണ്ട്. ഇന്ത്യയിൽ നിന്ന് സഹകരണ മേഖലയിൽ നിന്നുള്ളവർക്കാണ് പ്രവേശനം. എന്നാൽ, വിദേശത്തു നിന്ന് സഹകരണ മേഖലയിൽ നിന്നുള്ളവർക്കും സ്വകാര്യ മേഖലയിൽ നിന്നുള്ളവർക്കും വ്യക്തികൾക്കും പങ്കെടുക്കാം. ഒക്ടോബർ 11 മുതൽ 13 വരെ ന്യൂഡൽഹിയിലെ പ്രഗതി മൈതാനത്താണ് അന്താരാഷ്ട്ര വിപണന മേള നടത്തുന്നത്.

**കേരളത്തിലെ വിവിധ സഹകരണ സംഘങ്ങളിൽ നാഷണൽ കോ – ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ (എൻ.സി.ഡി.സി.) ധനസഹായത്തോടെ നടപ്പാക്കുന്ന / നടപ്പാക്കിയ പദ്ധതികളുടെ വിലയിരുത്തൽ യോഗങ്ങൾക്കെത്തിയ എൻ.സി.ഡി.സി. മാനേജിങ് ഡയരക്ടർ സന്ദീപ് കുമാർ നായിക്കുമായി 'മൂന്നാംവഴി ' പ്രതിനിധി അളക എസ്. യമുന നടത്തിയ അഭിമുഖം**

# കേരളത്തിലെ സംഘങ്ങൾ ലോകത്തിനുതന്നെ മാതൃക



● എൻ.സി.ഡി.സി. മാനേജിങ് ഡയരക്ടർ സന്ദീപ് കുമാർ നായിക്

**കേരളത്തിൽ മീൻപിടിത്തത്തിനും കയർ മേഖലയ്ക്കുമാണ് മുഖ്യ പരിഗണന നൽകുന്നത്. കേരളത്തിൽ നിന്ന് എൻ.സി.ഡി.സി. യുടെ പ്രവർത്തനങ്ങൾക്ക് മികച്ച പ്രോൽസാഹനമാണ് ലഭിക്കുന്നത്**

■ ***ഈ സാമ്പത്തിക വർഷം എൻ.സി.ഡി.സി. സഹകരണ മേഖലയിലെ വിവിധ പ്രോജക്ടുകൾക്കായി 29,000 കോടി രൂപ റിലീസ് ചെയ്തിരിക്കുന്നു. ഇതൊരു സർവകാല റെക്കോഡാണ്. ഇത്തരമൊരു നടപടിക്കു പ്രേരിപ്പിച്ചതെന്താണ് ?***

▸▸ 2018- 19 സാമ്പത്തിക വർഷം റെക്കോഡ് തുകയായ 29,000 കോടിയുടെ ധനസഹായമാണ് രാജ്യത്തെ സഹകരണ സംഘങ്ങൾക്ക് എൻ.സി.ഡി.സി. നൽകിയിട്ടുള്ളത്. സഹകരണ മേഖലയുടെ ഉന്നമനത്തിനും വികസനത്തിനും വേണ്ടിയാണ് എൻ.സി.ഡി.സി. പ്രവർത്തിക്കുന്നത്. ഇതുവരെയുള്ള കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എടുത്തു നോക്കിയാൽ ഏവർക്കും മനസ്സിലാകും. പിന്നാക്കം നിൽക്കുന്ന മേഖലകളെ കേന്ദ്രീകരിച്ചുകൊണ്ട് നിരവധി പ്രവർത്തനങ്ങൾ എൻ.സി.ഡി.സി. നടത്തിയിട്ടുണ്ട്. വടക്കു കിഴക്കേ ഇന്ത്യ എൻ.സി.ഡി.സി. പ്രാധാന്യം നൽകുന്ന മേഖലയാണ്. അതോടൊപ്പംതന്നെ പട്ടികജാതി - പട്ടിക വർഗ വിഭാഗം, സ്ത്രീകളുടെ കൂട്ടായ്മകൾ, ടെക്സ്റ്റയിൽസ്, കൈത്തറി, മീൻപിടിത്തം, കയർ തുടങ്ങിയ ദുർബല മേഖലകൾക്കും പ്രാധാന്യം നൽകുന്നുണ്ട്. കേരളത്തിൽ മീൻപിടിത്തത്തിനും കയർ മേഖലയ്ക്കുമാണ് മുഖ്യ പരിണന നൽകുന്നത്. കേരളത്തിൽ നിന്ന് എൻ.സി.ഡി.സി. യുടെ പ്രവർത്തനങ്ങൾക്ക് മികച്ച പ്രോൽസാഹനമാണ് ലഭിക്കുന്നത്. പ്രളയകാലത്തെ ഒരുമിച്ചു നിന്നാണ് കേരളം അതിജീവിച്ചത്. ആ സമയത്ത് എൻ.സി.ഡി.സി. ഡെപ്യൂട്ടി മാനേജിംഗ് ഡയരക്ടർ കേരളത്തിലെത്തി സഹകരണ മേഖലയിൽ എന്തു സഹാ

യമാണ് വേണ്ടതെന്ന് ആരാഞ്ഞിരുന്നു. പ്രളയാനന്തരം കേരളത്തിലെ സഹകരണ മേഖല നടത്തിയ എല്ലാ പ്രവർത്തനങ്ങളിലും ഞങ്ങൾ ഒപ്പമുണ്ടായിരുന്നു.

■ ***ഇന്നത്തെ സമ്പദ്‌വ്യവസ്ഥയിൽ കിട്ടാക്കടം പൊതുമേഖലാ ബാങ്കുകൾക്ക് വലിയൊരു ഭീഷണിയാണ്. പക്ഷേ, എൻ.സി.ഡി.സി. ഇതിൽ നിന്ന് മുക്തമാണ്. എങ്ങനെയാണ് എൻ.സി.ഡി.സി. കിട്ടാക്കടം തീരെയില്ലാത്ത അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തിച്ചത്?***

▸▸ എന്തുകൊണ്ടാണ് കിട്ടാക്കടം ഉണ്ടാകുന്നത് എന്നു നോക്കണം. ഒരാൾക്ക് നമ്മുടെ അടുത്തു നിന്ന് കടം വാങ്ങണം എന്നുണ്ടെങ്കിൽ അയാളെക്കുറിച്ച് നമ്മൾ നന്നായി അറിഞ്ഞിരിക്കണം. നമ്മുടെ ഉപഭോക്താവിനെ അറിയുക എന്നത് അടിസ്ഥാനപരമായ കാര്യമാണ്. അയാളുടെ ശക്തിയും ബലഹീനതയും അറിഞ്ഞിരിക്കണം. എന്നാലേ അവർക്ക് അനുയോജ്യമായ ഉൽപന്നം നിർദേശിക്കാൻ സാധിക്കുകയുള്ളൂ. കടം വാങ്ങുന്ന ആളെക്കുറിച്ച് കൃത്യമായ ശ്രദ്ധയുണ്ടാകണം. കുറഞ്ഞ സമയം കൊണ്ട് വിശദമായ രീതിയിൽ അറിയാൻ പറ്റണം. എൻ.സി.ഡി.സി.ക്ക് 18 ഓഫീസുകളുണ്ട്. മികച്ച സാമ്പത്തിക വിദഗ്ധരുമുണ്ട്. അവർ കടംവാങ്ങുന്ന വ്യക്തിയെയും ബിസിനസ്സിനെയും ആസ്തി -ബാധ്യതകളെയും പറ്റിയും വാണിജ്യ സാധ്യതകളെപ്പറ്റിയുമൊക്കെ ചുരുങ്ങിയ സമയംകൊണ്ട് വിശദമായി അന്വേഷിക്കും. എൻ.സി.ഡി.സി. യുടെ മറ്റൊരു പ്രത്യേകത വളരെ വേഗം സേവനം നൽകുന്നു എന്നതാണ്. ഒരപേക്ഷ ലഭിച്ചാൽ വളരെ വേഗം അതിനാവശ്യമായ നടപടികളെടുക്കും. എൻ.സി.ഡി.സി. ISO 9001 സർട്ടിഫിക്കറ്റ് ലഭിച്ച സംഘടനയാണ്. പ്രവർത്തനങ്ങളൊക്കെ സമയബന്ധിതമായി നടക്കും. കടമെടുക്കുന്ന ആൾക്ക് മൂന്നു ദിവസം കൊണ്ട് പണം വേണമെങ്കിൽ

**കടമെടുക്കുന്ന ആളെയും അയാളുടെ ബിസിനസ്സിനേയും പൂർണമായും വിശ്വസിക്കുക. അത് ചെയ്യരുത്, ഇതു ചെയ്യരുത് എന്നു പറഞ്ഞ് അവരുടെ ആത്മവിശ്വാസം തകർക്കരുത്. അവരുടെ ആശയങ്ങൾ പ്രാവർത്തികമാക്കാനുള്ള സ്വാതന്ത്ര്യം നൽകണം**



● എൻ.സി.ഡി.സി മാനേജിംഗ് ഡയരക്ടർ സന്ദീപ്കുമാർ നായിക് ( ഇടത്തു നിന്ന് അഞ്ചാമത് ) റീജിയണൽ ഡയരക്ടർ സതീശൻ.കെ ( ഇടത്തു നിന്ന് രണ്ടാമത് ) യുമൊത്ത് കോഴിക്കോട്ടെ എം.വി.ആർ കാൻസർ സെന്റർ സന്ദർശിച്ചപ്പോൾ



മൂന്നു ദിവസംകൊണ്ട് നൽകും. കടമെടുക്കുന്ന ആളെയും അയാളുടെ ബിസിനസ്സിനേയും പൂർണമായും വിശ്വസിക്കുക. അത് ചെയ്യരുത്, ഇതു ചെയ്യരുത് എന്നു പറഞ്ഞ് അവരുടെ ആത്മവിശ്വാസം തകർക്കരുത്. അവരുടെ ആശയങ്ങൾ പ്രാവർത്തികമാക്കാനുള്ള സ്വാതന്ത്ര്യം നൽകണം. നമ്മളവരുടെ ഹെഡ്മാസ്റ്റർ ചമഞ്ഞ് എല്ലാ സ്ഥലത്തും നിയന്ത്രണമേർപ്പെടുത്തേണ്ട കാര്യമില്ല. സ്വതന്ത്രമായി കാര്യങ്ങൾ ചെയ്യാൻ അവസരം കൊടുക്കണം. അപ്പോൾ അവർക്ക് ആത്മവിശ്വാസത്തോടെ കാര്യങ്ങൾ ചെയ്യാനും വിജയിപ്പിക്കാനും കഴിയും. പിന്നെ, മറ്റ് സാമ്പത്തിക സ്ഥാപനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കുറഞ്ഞ പലിശ മാത്രമാണ് എൻ.സി.ഡി.സി. വാങ്ങുന്നത്. അതും ഒരു കാരണമാണ്.

■ ***എൻ.സി.ഡി.സി. ഈയിടെ ആവിഷ്കരിച്ച ' യുവസഹകാർ ' പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്?***



▶▶ സഹകരണ മേഖലയിലെ യുവസംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടിയാണ് ' യുവ സഹകാർ ' പദ്ധതി എൻ.സി.ഡി.സി. ആവിഷ്കരിച്ചത്. സ്വകാര്യ മേഖലയിൽ ധാരാളമായി പുതിയ സ്റ്റാർട്ട് അപ്പുകൾ ആരംഭിക്കുന്നുണ്ട്. പക്ഷേ, സഹകരണ മേഖലയിൽ അങ്ങനെയല്ല. ഇവിടെ പ്രവർത്തിക്കുന്നവർക്ക് വേണ്ടത്ര പ്രോൽസാഹനം ലഭിക്കുന്നില്ല. സഹകരണ മേഖലയിൽ പുത്തൻ ആശയങ്ങൾ കൊണ്ടുവരുന്നതിനും അത് പ്രാവർത്തികമാക്കുന്നതിനും യുവസഹകാർ പദ്ധതി സഹായകമാവും. യുവസഹകാരികൾക്ക് അവരുടെ ആശയങ്ങൾ അവതരിപ്പിക്കാനുള്ള ഒരിടമാകും ഇത്. ഒരു വർഷം പ്രവർത്തന പരിചയമുള്ള സഹകരണ സംഘങ്ങൾക്ക് ഈ പദ്ധതി പ്രയോജനപ്പെടുത്താൻ സാധിക്കും. സഹകരണ മേഖലയിലെ യുവ സംരംഭകർക്ക് ധനസഹായം നൽകും. വടക്കു കിഴക്കൻ പ്രദേശങ്ങളിലെ സഹകരണ സംഘങ്ങൾക്കും സ്ത്രീകളോ അല്ലെങ്കിൽ എസ്.സി/ എസ്.ടി. വിഭാഗക്കാരോ അംഗങ്ങളായിട്ടുള്ള സഹകരണ സംഘങ്ങൾക്കും കൂടുതൽ പ്രോത്സാഹനമുണ്ടാകും.

■ ***ദേശസാൽകൃത ബാങ്കുകളേയും സ്വകാര്യ ബാങ്കുകളേയും എടുത്തു നോക്കുമ്പോൾ ആധുനികവൽക്കരണത്തിന്റെ കാര്യത്തിൽ കേരളത്തിലെ സഹകരണ രംഗം പുറകിലാണെന്ന് അഭിപ്രായമുണ്ടോ ?***

▶▶ കേരളത്തിലെ സഹകരണ ബാങ്കുകൾ ആധുനികവൽക്കരണത്തിന്റെ കാര്യത്തിൽ പല ദേശസാൽകൃത ബാങ്കുകളേക്കാളും സ്വകാര്യ, വാണിജ്യ ബാങ്കുകളേക്കാളും മികച്ച പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. കേരളത്തിലെ പ്രാഥമിക സംഘങ്ങൾ പോലും മികച്ച ആധുനിക സേവനമാണ് ഉപഭോക്താക്കൾക്ക് നൽകുന്നത് . അവ ഉപഭോക്തൃ സൗഹൃദമാണ്. കേരളത്തിൽ നടത്തിയ സന്ദർശനത്തിൽ അത് ബോധ്യപ്പെട്ടതാണ് ●

## Media Interview given by Shri Sundeep Kumar Nayak, IAS, MD, NCDC to Cooperative Magazine "*Moonamvazhi*"

**Interviewed by : Ms Alaga.S.Yamuna, correspondent, Moonavazhi**

### Q.No: 1. Unlike in other States, Cooperatives in Kerala are focusing on diversification to sectors like healthcare, hospitality, education, infrastructure creations etc. Do you think that cooperatives in other State should also follow the Kerala model of diversification?

Ans: Definitely. Not Just in the country alone. Cooperative development in the State can be made model for cooperatives across the world. Cooperatives in the State, without emulating activities in private sector, are putting forward their own creativity and innovative ideas, which can be studied by cooperatives in other states.

### Q.No: 2. NCDC is organizing India International Cooperative Trade Fair (IICTF) at New Delhi in October 2019. What are the objectives of this programme?

NCDC is organizing this unique Trade Fair for cooperatives, in pursuance of Govt. of India's Agri Export Policy. Primary objective of this programme is to facilitate cooperatives to boost up their business. IICTF will provide platform to Indian Cooperatives to interact with business delegates from foreign countries. IICTF comprises of exhibitions of products/services/ideas, business meet, seminars/workshops with the active participation of international experts/professionals etc. Cooperatives will get access to buyers across the globe. This is not simply an exhibition programme alone. It will provide amble opportunity to Indian Co-operators to put forward their views/ ideas before the international participants / delegates.

NCDC is expecting a large number of participation from all the states as well as foreign countries. Cooperatives in Kerala have already presented & implemented their innovative ideas in different sectors and we consider Kerala as focus state. NCDC has already requested cooperatives to participate in the Trade Fair and we expect very good response from the State. IICTF will be conducted from 11th October to 13 October 2019. Domestically, participants should be from Cooperative Sector. In the case of foreign countries, apart from cooperative institutions, private agencies/ entrepreneurs and individuals can participate in IICTF.

**Q.No: 3. During the last financial year (2018-19), NCDC has released a total amount of Rs 29000 cr to cooperatives in the country. What prompted NCDC to disburse this huge amount for cooperatives?**

Ans: NCDC has released a record amount of over Rs 29000 cr during 2018-19 for various cooperative progrmmes in the country. NCDC is functioning solely for the development and benefit of cooperatives. If we analyse the past performance of NCDC, it can be seen that NCDC has implemented many major schemes focusing on the weaker sections. We are giving much focus and importance to cooperatives in North Eastern Regions. Alongwith this, cooperatives of SC/ST, Women, Fisheries sector, Coir, Handloom, Textiles etc also given great attention. In Kerala, Fisheries and Coir Sector are the thrust areas of NCDC. The State is giving excellent support to NCDC for implementation of its schemes and activities. The State has come out of the trauma of the devastating flood through united efforts. That time, Dy. MD, NCDC has landed in Kerala and enquired about the support required for cooperatives. We are also with Cooperatives for post flood activities in Cooperatives.

**Q.No: 4. In the present banking system, bad debts/NPA are posing big threat to the public sector banks. But NCDC has a different story. How NCDC has reached a stage of no NPA?**

Ans: One should analyse why NPA is formed. If somebody is borrowing money from us, we should understand the borrower thoroughly. Under the norms of "know your customer", the basic thing is to ascertain the borrowers' strength and weakness. Then only the borrower can be advised to take up suitable path for their economic activity. Within a brief span of time, the details of the borrower should be verified. NCDC has 18 offices with many financial experts/professionals. These offices would examine the details of the borrower cooperatives, including credit worthiness, assets and liability, past track record of borrowings, market potentiality of product/services, in a short period. Another significant aspect is that, NCDC provides quick services to customer coops. Decisions on the proposals received would be taken very fast. NCDC is an ISO:9001:2015 certified organization and hence activities are done on time-bound manner. The borrower may sometimes get money within 3 days of submission of request. We go by the good faith of the customer's business and would not prescribe "dos & don'ts" so as to keep up their self confidence to realise their creativity and ideas. We need not do the role of a Head Master by putting unnecessary controls. Cooperatives should be given liberty so that projects can be implemented confidently and run successfully. Another notable thing is that rate of interest of NCDC is on the lower side when comparing with other financial institutions.

**Q.No: 5. What are the aims and objectives of the newly launched NCDC-scheme, *__" Yuva Sahakar__*" ?**

Ans: NCDC has designed the scheme "Yuva Sahakar" to promote young entrepreneurs in the cooperative sector. In the private sector, there are lot of start-up projects for encouraging youngsters. But there is no such opportunity in cooperative sector to attract young generation and encouraging their ideas & initiatives. "Yuva Sahakar" scheme would help cooperative societies to introduce innovative ideas and take up non - conventional business opportunities. This scheme would give platform to young co-operators for presenting their views and ideas. Cooperatives having one year working experience can take advantage of this scheme. Priority will be given to cooperatives in NE regions, Women Cooperatives, SC/ST Cooperatives etc.

**Q.No: 6. Comparing with Nationalized/Private Banks, do you think the Cooperative Banks in Kerala are behind in the field of modernization and automation ?**

Ans: Cooperative Banks in Kerala are in better position with regard to modernization of banking activities. Primary banks are also providing modern banking services to the customers. Visit to many cooperative banks have revealed that their activities are very customer-friendly.

**Magazine Address:** **Moonnamvazhi,**
**Ground Floor,**
**Calcut City Service Coop Bank Dialysis Centre,**
**Chalappuram, Kozhikode Dist, Kerala - 673002,**
**Tele: 0495-270733, email:contact@moonamazhi.com,**
**web: www.moonavazhi.com**

*********